(ബി) എങ്കിൽ ഏതൊക്കെ സംസ്ഥാന ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികളുടെ മുൻകാല പ്രവർത്തനമികവ് പരിഗണിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ജെൻ ഔഷധിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ.) യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പിലാക്കുവാനുള്ള താല്പര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. മിനിസ്ട്രി ഓഫ് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് -ന്റെ 4/26/2013 നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ആശുപത്രികളിൽതന്നെ സ്ഥലം കണ്ടെത്തണമെന്നുള്ളതാണ്. ഇതിനായി കീഴ്ഘടക സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ഭക്ഷ്യോല്പന്നങ്ങളിലെ വിഷാംശപരിശോധനാ സംവിധാനങ്ങൾ

21 (T *531) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാചകം ചെയ്ത ഭക്ഷണ സാധനങ്ങളിൽ മായം കലർത്തുന്നത് കണ്ടു പിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും പരിശോധന ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ). പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിൽ മായം ചേർത്തതായോ നിശ്ചിത നിലവാരം പുലർത്താത്തതായോ കണ്ടെത്തിയിട്ടുണ്ട്.

(ബി) പാചകം ചെയ്തതുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015-ലെ ജി.ഒ. (ആർ.ടി.) നം. 2013/2015 ഉത്തരവിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) തൃപ്തികരമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആധുനികവൽക്കരണത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകൾ NABL അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള തുടർനടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ആയതിനോടൊപ്പം ഭക്ഷണസാധനങ്ങളിലെ മായം കണ്ടെത്തുന്നതിനായി GCMSMS അടക്കമുള്ള അത്യന്താധുനിക പരിശോധനാ ഉപകരണങ്ങൾ തിരുവനന്തപുരം, എറണാകുളം എന്നീ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ പ്രവർത്തനക്ഷമമാണ്. കൂടാതെ കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ GCMSMS നടപ്പിലാക്കുന്നതിനായി 85 ലക്ഷം രൂപ അനുവദിക്കുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് തീരുമാനിച്ചിട്ടുള്ളതുമാണ്. ടി ക്രമീകരണങ്ങൾ പൂർത്തിയാകുന്നതോടെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളും അത്യന്താധുനിക ഉപകരണങ്ങളുടെ ലഭ്യത അടക്കം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കഴിയുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly